# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2274 — 04.11.2019-ൽ മറുപടിക്ക്

## കൃഷ്ണപുരം കൊട്ടാരത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾ

**ചോദ്യം**

ശ്രീമതി യു. പ്രതിഭ

**ഉത്തരം**

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹു. തുറമുഖവും മ്യൂസിയവും
പുരാവസ്തു സംരക്ഷണവും, പുരാരേഖയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| | കായംകുളം മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന കൃഷ്ണപുരം കൊട്ടാരത്തിൽ നടപ്പാക്കിയ നിർമ്മാണ പ്രവർത്തനങ്ങൾ ഏതൊക്കെയെന്നും ഇതിനു വേണ്ടി എത്ര രൂപ ചെലവഴിച്ചിട്ടുണ്ട് എന്നും വിശദമാക്കാമോ? | | കായംകുളം മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന കൃഷ്ണപുരം കൊട്ടാരത്തിലെ ഘടനാപരമായ സമഗ്ര സംരക്ഷണ പ്രവർത്തികൾ 2017-18 സാമ്പത്തിക വർഷത്തിൽ പുരാവസ്തു വകുപ്പ് നടത്തിയിട്ടുണ്ട്. ഇതിനായി 49.75 ലക്ഷം രൂപ ചെലവായിട്ടുണ്ട്.<br><br>കൊട്ടാരത്തിന്റെയും പരിസരത്തിന്റെയും സുരക്ഷാ പ്രാധാന്യം കണക്കിലെടുത്ത് CCTV ക്യാമറ 2017-18 സാമ്പത്തിക വർഷത്തിൽ സ്ഥാപിക്കുകയുണ്ടായി. ഇതിനായി 60.69 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. അതുപോലെ 2018-19 സാമ്പത്തിക വർഷത്തിൽ അഗ്നിരക്ഷാ ഉപകരണങ്ങൾ, മറ്റനുബന്ധ പ്രവർത്തികൾ എന്നിവയും നടപ്പിലാക്കി. ഇവയ്ക്കായി 15,89,797/- രൂപ ചെലവഴിച്ചിട്ടുണ്ട്. സന്ദർശക സൗകര്യാർത്ഥം കൊട്ടാര പരിസരം പൂർണ്ണമായും സൗന്ദര്യവൽക്കരണം നടത്തി. 2018-19 സാമ്പത്തിക വർഷം നടത്തിയ ഈ പദ്ധതിയിൽ പുൽത്തകിടികൾ, ഇരിപ്പിട സൗകര്യങ്ങൾ തുടങ്ങിയവ ഏർപ്പെടുത്തി. ഇതിനായി 61.67 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ